No.CEE/1999/MDS-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2021–22 സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പുതുതായി നീറ്റ് എം.ഡി.എസ് യോഗ്യത നേടിയവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

2021–22 അദ്ധ്യയന വർഷത്തെ പി.ജി ദന്തൽ കോഴ്സ് പ്രവേശനത്തിനുള്ള നീറ്റ് എം.ഡി.എസ് പ്രവേശന പരീക്ഷയുടെ യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിൽ സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിവുള്ള സീറ്റു കളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നതും പുതുക്കിയ മാനദണ്ഡപ്രകാരം നീറ്റ് എം.ഡി.എസ് യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഉടൻ അപേക്ഷ ക്ഷണിക്കുന്നതാണ്. Stray Vacancy filling അലോട്ട്മെന്റിന് ശേഷം സ്വാശ്രയ ദന്തൽ കോളേജുകളിൽ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് മാത്രമായിരിക്കും പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികളെ പരിഗണിക്കുന്നത്. 2021 വർഷത്തെ പി.ജി. ദന്തൽ കോഴ്സിലേക്ക് ഇതിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾ പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ നേറ്റിവിറ്റി, ജനന തീയതി എന്നിവ തെളിയിക്കുന്നതി നുള്ള സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി/കാറ്റഗറി/ഫീസ് ആനുകൂല്യം (ബാധകമായവർക്ക് മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും മുൻകൂറായി വാങ്ങി വയ്ക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു തുടങ്ങുമ്പോൾ പ്രസ്തുത സർട്ടിഫിക്കറ്റുകൾ അപേക്ഷ യോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്ര കാരം യോഗ്യത നേടിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒഴിവുള്ള പി.ജി. ദന്തൽ സീറ്റുകളിലേ ക്കായി സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതാത് കോളേജുകൾ മുഖേന സീറ്റുകൾ നികത്തുന്നതായിരിക്കും. ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
11.11.2021